(ബി)&(സി)അത്യാഹിത വിഭാഗം ആരംഭിക്കുന്നതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. എന്നാൽ എമർജൻസി മെഡിക്കൽ സർവീസസ് എന്ന പദ്ധതിയിൽപ്പെടുത്തി കഴിഞ്ഞ വർഷം മെഡിക്കൽ കോളേജുകൾക്കായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇത് എല്ലാ മെഡിക്കൽ കോളേജുകളിലെയും അത്യാഹിത വിഭാഗം മെച്ചപ്പെടുത്തി ട്രോമകെയർ സംവിധാനം ഏർപ്പെടുത്തുവാനായും 24 മണിക്കൂർ സേവനം നൽകുന്നതിനാവശ്യമായ സൗകര്യങ്ങൾ നവീനോപകരണങ്ങൾ, സ്റ്റാഫിന്റെ ട്രെയിനിംഗ്, അത്യാവശ്യ മരുന്നുകൾ ഏർപ്പെടുത്തുന്നതിനുമായി വിനിയോഗിച്ചു. ഈ ഇനത്തിൽ ഹെൽത്ത് സർവീസസിന്റെ കീഴിലുള്ള ആശുപത്രികൾക്കായി 25 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക വിനിയോഗിച്ച് എറണാകുളം ജനറൽ ആശുപത്രി, ആലുവ ഗവ:ആശുപത്രി, അങ്കമാലി കമ്മൂണിറ്റി ഹെൽത്ത് സെന്റർ, ചാവക്കാട് താലൂക്കാശുപത്രി, പുതുക്കാട്, ആലത്തൂർ, വെള്ളാനിക്കാട് എന്നീ ഗവണ്മെന്റ് ആശുപത്രികൾ, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ അത്യാഹിത മെഡിക്കൽ സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നവീനോപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ ബഡ്ജറ്റിൽ വിവിധ ആശുപത്രികളിൽ അത്യാഹിത വിഭാഗം ആരംഭിക്കുന്നതിനായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിങ്ങനെ ദേശീയപാതയുടെയും പ്രധാന പാതയ്ക്കരികിലും സ്ഥിതിചെയ്യുന്ന 10 ആശുപത്രികളിൽ അത്യാഹിത വിഭാഗം സ്ഥാപിക്കുവാൻ 12.6.2000/ലെ ജി.ഒ.(എം.എസ്) 142/2000/അ.കു.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഓരോ ആശുപത്രിയ്ക്കും ഡോക്ടർ-4, സ്റ്റാഫ് നഴ്സ്-3, ഹോസ്പിറ്റൽ അറ്റന്റർ-2, നഴ്സിംഗ് അസിസ്റ്റന്റ്-1 എന്നിങ്ങനെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഇ) 10 ആശുപത്രികളിൽ സ്ഥാപിക്കാൻ ഉത്തരവു നൽകിയിരുന്നു. കൂടാതെ ഘട്ടം ഘട്ടമായി ജില്ലാ ആശപുത്രികളിലും 100 കിടക്കകളുള്ള ആശുപത്രികളിലും തുടർന്ന് കമ്മൂണിറ്റി ഹെൽത്ത് സെന്ററുകളിലും ധനലഭ്യതയനുസരിച്ച് സ്പെഷ്യാലിറ്റി വിഭാഗം തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

ജയിൽഭരണം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി

18 (*168)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽഭരണം ആധുനികവൽക്കരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി കേന്ദ്രഗവണ്മെന്റിൽ നിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും ജയിലുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജയിൽ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം നൽകുന്നതിന് ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ കൂടുതലായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 1996-97 മുതൽ 1999-2000 വരെയുള്ള കാലഘട്ടത്തിൽ ജയിൽഭരണം ആധുനികവൽക്കരിക്കുന്നതിനായി 38.17 ലക്ഷം രൂപ ചെലവായി. താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രധാനപ്പെട്ട ജയിലുകളിൽ വാക്കിടോക്കി സംവിധാനം ഏർപ്പെടുത്തി.

2. വിയ്യൂർ സെൻട്രൽ പ്രിസണിൽ ഫ്ളവർ മിൽ സ്ഥാപിക്കുകയുണ്ടായി.

3. എറണാകുളം സബ് ജയിലിൽ ഫാക്സ് സംവിധാനം ഏർപ്പെടുത്തി.

4. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ നിരീക്ഷണ ഗോപുരം സ്ഥാപിച്ചു.

5. വിയ്യൂർ, സെൻട്രൽ പ്രിസണിൽ നിരീക്ഷണ ഗോപുരത്തിൽ ഫ്ളഡ് ലൈറ്റ് സ്ഥാപിച്ചു.

6. വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണിൽ ഫ്ളഡ് ലൈറ്റ് സ്ഥാപിച്ചു.

7. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസണുകൾ, നെട്ടുകാൽത്തേരി തുറന്ന ജയിൽ എന്നീ സ്ഥാപനങ്ങൾ ജയിൽ ആസ്ഥാന കാര്യാലയവുമായി ബന്ധിപ്പിച്ച് കമ്പ്യൂട്ടർ ശൃംഖല സ്ഥാപിച്ചു.

8. ജയിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, അഴിച്ചു പണികൾ എന്നിവയ്ക്കായി 252.89 ലക്ഷം രൂപയും ചെലവായി.

(ബി) കേന്ദ്ര ഗവണ്മെന്റിൽ നിന്നും 50% സഹായ വ്യവസ്ഥയിലും 75% സഹായ വ്യവസ്ഥയിലുമായി 1996-97 മുതൽ 1999-2000 വരെയുള്ള കാലഘട്ടത്തിൽ 232.85 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(സി) തടവുകാരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് 10 ലക്ഷം രൂപ വിനിയോഗിച്ച് താഴെപ്പറയുന്ന പരിപാടികൾ നടപ്പു വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

1. തടവുകാർക്ക് കലാകായിക വിനോദ പരിപാടികൾ.

2. ജയിൽ ഉദ്യോഗസ്ഥന്മാർക്ക് തടവുകാരെ പരിപാലിക്കുന്നത് സംബന്ധിച്ച് പുനർവിദ്യാഭ്യാസ പരിപാടി.

3. ജയിൽ ജീവനക്കാർ, ശിക്ഷാ നിർവ്വഹണ രംഗത്തെ മറ്റ് ഉദ്യോഗസ്ഥന്മാർ, സന്നദ്ധ സംഘടനകൾ, നിയമജ്ഞന്മാർ രാഷ്ട്രീയ സാമൂഹ്യ മാദ്ധ്യമ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കുന്ന സംസ്ഥാനതല സെമിനാർ.

4. കണ്ണൂർ സെൻട്രൽ പ്രിസണിൽ പുതിയ ഡയറിഫാം സ്ഥാപിക്കുക.

5. തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ തടവുകാർക്കുവേണ്ടി ആധുനിക തൊഴിൽ മേഖലയായ വിവരസാങ്കേതിക വിദ്യയിലും ഡി.റ്റി.പി. യിലും പരിശീലനം നൽകാൻ കേന്ദ്രം സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. മീനച്ചിൽ, കണ്ണൂർ സബ്ജയിലുകളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുക.

7. ചീമേനി തുറന്ന ജയിൽ, ഹോസ്ദുർഗ്ഗ് സബ് ജയിൽ എന്നിവയുടെ കെട്ടിടം പണി പൂർത്തീകരിക്കുക, വാഹനസൗകര്യം വർദ്ധിപ്പിക്കുക, തിരുവനന്തപുരം സെൻട്രൽ ജയിലിൽ പുതിയ ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുക, സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുക.

(ഡി) ജയിൽ വകുപ്പിലെ ലോവർ സബോർഡിനേറ്റ് എക്സിക്യൂട്ടീവ് ജീവനക്കാർക്ക് തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും', ഓഫീസർ ഗ്രേഡിലുള്ള എക്സിക്യൂട്ടീവ് ജീവനക്കാർക്ക് തമിഴ്നാട്ടിലെ വെല്ലൂരിൽ പ്രവർത്തിക്കുന്ന 'റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും പരിശീലനം നൽകുന്നുണ്ട്. കൂടാതെ ശിക്ഷാ നിർവ്വഹണ രംഗത്തുണ്ടാകുന്ന ആധുനിക പ്രവണതകൾ ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശകമാക്കുന്നതിനുവേണ്ടി പുനർ വിദ്യാഭ്യാസം നൽകിവരുന്നു.

(ഇ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിൽ 30 ദിവസം വീതമുള്ള പുനർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് കൂടുതൽ പഠനോപകരണങ്ങളും വാഹനവും നൽകും. ഹോസ്റ്റൽ സംവിധാനം വിപുലപ്പെടുത്തുന്നതാണ്.

പി.എസ്.സി. നിയമനങ്ങളിൽ വി.എച്ച്.എസ്.ഇ. കോഴ്സുകളെ അംഗീകരിക്കുവാൻ നടപടി

19 (*169)ശ്രീ. എൻ.ആർ. ബാലൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എ. കണാരൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിയമനത്തിനായുള്ള യോഗ്യത നിർണ്ണയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യത നിശ്ചയിക്കുന്നത് എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിയമനത്തിനായി വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ അംഗീകാരം നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ വി.എച്ച്.എസ്.ഇ. കോഴ്സുകൾക്കാണ് ഇപ്രകാരം പി.എസ്.സി. അംഗീകാരം നൽകാത്തത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വിവിധ ജോലികൾക്കുള്ള യോഗ്യതയായി വി.എച്ച്.എസ്.ഇ. കോഴ്സുകളെ അംഗീകരിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly